"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - പാലക്കാട് ജില്ലാ ഇൻഷ്വറൻസ് ഓഫീസ് പ്രവർത്തിയ്ക്കുന്ന കെട്ടിടത്തിന് പുതുക്കിയ വാടക കരാറിൽ ഏർപ്പെടുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 4706/2026/ധന** **തീയതി, തിരുവനന്തപുരം, 01.06.2026**

പരാമർശം:- 1. 17/06/2015 ലെ സ.ഉ.(സാധാ) നം. 5756/2015/ധന

2. 29/05/2020 ലെ സ.ഉ (സാധാ) നം.3282/2020/ധന

3. ഇൻഷ്വറൻസ് ഡയറക്ടറുടെ 09/03/2026 തീയതിയിലെ കെ.എസ്.ഐ.ഡി/531/2026-എച്ച്.ക്യൂ.ഇ 2 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പാലക്കാട് ജില്ലാ ഇൻഷ്വറൻസ് ഓഫീസ് പ്രവർത്തിക്കുന്ന സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിന് 01/09/2015 പ്രാബല്യത്തിൽ പ്രതിമാസം 30,500/-രൂപ പ്രത്യേക വാടക നിരക്ക് നിശ്ചയിച്ച് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് നിലവിലിരുന്ന വാടകയായ 30,500/- രൂപയും ചരക്ക് സേവന നികുതി ഇനത്തിൽ 18 % ചേർത്ത് ആകെ 35,990/- രൂപയ്ക്ക് 2018 സെപ്റ്റംബർ 1 മുതൽ 2020 ഓഗസ്റ്റ് 31 വരെ കൂടി വാടക കരാറിൽ ഏർപ്പെടുന്നതിനുള്ള അനുമതി നൽകിയും പാലക്കാട് ജില്ലാ ഇൻഷ്വറൻസ് ഓഫീസിന് അനുവദനീയമായ വിസ്തീർണ്ണമായ 100 ച. മീറ്ററിന് ഉപരിയായി 141.125 ച.മീ സ്ഥലം നിലവിലെ കെട്ടിടത്തിൽ ഉപയോഗിക്കുന്നതിന് ഭരണാനുമതി നൽകിയും സൂചന (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി കെട്ടിടത്തിന്റെ വാടക കരാർ 31/08/2020 ന് അവസാനിച്ചിരുന്നെങ്കിലും PWD യിൽ നിന്നും റെന്റ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനെ തുടർന്ന് നാളിതുവരെയും വാടക കരാർ പുതുക്കാനുള്ള അപേക്ഷ നൽകാൻ സാധിച്ചിരുന്നില്ലെന്നും 30/01/2026 ന് റെന്റ് സർട്ടിഫിക്കറ്റ് ലഭ്യമായതിനെ തുടർന്ന് 01/09/2020 മുതൽ മുൻകാല പ്രാബല്യത്തിൽ വാടക കരാർ പുതുക്കി നിശ്ചയിക്കാനും, പ്രതിവർഷം 10% നിരക്കിൽ വാടക വർദ്ധനവ് അനുവദിക്കാനുമുള്ള കെട്ടിട ഉടമയുടെ അപേക്ഷ തുടർനടപടികൾ സ്വീകരിക്കുന്നതിലേക്ക് സൂചന (3) പ്രകാരം ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരിക്കുന്നു.

ഇൻഷ്വറൻസ് ഡയറക്ടറുടെ അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, യഥാസമയങ്ങളിൽ വാടക കരാർ പുതുക്കേണ്ടതാണെന്നും കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ പരിഷ്കരിച്ച നിരക്കിലുള്ള വാടക ഒടുക്കാവൂ എന്നുമുള്ള നിബന്ധനകൾക്കു വിധേയമായി 01/09/2020 മുതൽ 31/08/2025 വരെയും 01/09/2025 മുതൽ 31/08/2030 വരെയും വാടക കരാർ പുതുക്കുന്നതിനും 01/09/2015 പ്രാബല്യത്തിലാണ് സ്പെഷ്യൽ റെന്റ് അനുവദിച്ചിട്ടുള്ളത് എന്നതിനാലും അത് കഴിഞ്ഞ് 10 വർഷം ആയിട്ടുള്ള സാഹചര്യത്തിലും 5% വർദ്ധനവോട് കൂടിയ തുകയായ 32025/- രൂപയും ആയതിന്റെ ജി.എസ്.ടി (18%) തുകയായ 5765/- രൂപയും ചേർത്ത് ആകെ ₹37790/- (മുപ്പത്തി ഏഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ പ്രതിമാസ നിരക്കിൽ വാടക കരാറിൽ ഏർപ്പെടുന്നതിന് ഇൻഷ്വറൻസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷാനവാസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ,സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, പാലക്കാട് (ഇൻഷ്വറൻസ് ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (നം.1286769 /എസ്റ്റാ.ഡി 2/103/2019/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ